ദേശാഭിമാനി

9 April 2017

# മത്സ്യോൽപ്പാദനം വ്യാവസായികാടിസ്ഥാനത്തിലാക്കണം: ഡോ. ജെ കെ ജെന

കൊച്ചി > സമുദ്രജലകൃഷിമേഖലയിൽ കൂടുതൽ നിക്ഷേപമിറക്കി വ്യാവസായികാടിസ്ഥാനത്തിൽ മത്സ്യോൽപ്പാദനം നടത്താൻ സംരംഭകർ തയ്യാറാകണമെന്ന് ഐസിഎആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ കെ ജെന പറഞ്ഞു. സിഎംഎഫ്ആർഐയിൽനിന്ന് മാരികൾച്ചർ പഠനം പൂർത്തിയാക്കിയവരുടെ സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2030 ഓടെ ഇന്ത്യയിൽ ദാരിദ്ര്യം പൂർണമായും ഇല്ലാതാക്കാനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതികളിലൂടെ ഭക്ഷ്യ ഉൽപ്പാദനം വർധിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

നയരൂപീകരണ വിദഗ്ധർ, ശാസ്ത്രജ്ഞർ, ഗവേഷകർ, വ്യവസായസംരംഭകർ, കർഷകർ, ബാങ്കിങ് വിദഗ്ധർ എന്നിവർ സംഗമത്തിൽ പങ്കെടുത്തു. മാരികൾച്ചർ പഠനം 37 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായാണ് സംഗമം.

ചെമ്മീൻ, പായൽ, കക്ക, പവിഴം തുടങ്ങിയവ ഉൾപ്പെടുന്ന സമുദ്രജലകൃഷി വ്യാവസായികതലത്തിലേക്ക് ഉയർത്താൻ ശ്രമങ്ങളുണ്ടാകണമെന്ന് സംഗമം അഭിപ്രായപ്പെട്ടു. ഇപ്പോൾ വൻതോതിൽ കൃഷിചെയ്യുന്നത് ചെമ്മീൻ മാത്രമാണ്. തെക്കുകിഴക്കനേഷ്യൻ രാജ്യങ്ങളുടെ മാതൃകയിൽ വൻതോതിൽ സമുദ്രകൂടു കൃഷിസംരംഭങ്ങൾ വരണം. തീരദേശ പരിപാലനനിയമം കടലിനെയും അനുബന്ധ മേഖലയെയും സംരക്ഷിക്കാനുള്ളതാണ്. ടൂറിസത്തിന്റെ പേരിൽ നിയമം മാറ്റിയെഴുതരുത്. നിലവിൽ അഞ്ച് ദശലക്ഷം ടൺ ചെമ്മീൻ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്നുണ്ട്. 35,000 കോടി രൂപയാണ് ഇതിൽനിന്നുള്ള വരുമാനമെന്ന് സംഗമം ചൂണ്ടിക്കാട്ടി.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ, നബാർഡ് ഉദ്യോഗസ്ഥൻ ഡോ. സുരേഷ് കുമാർ, മുൻ ഡയറക്ടർ ഡോ. ഇ ജി സൈലസ്, കൊച്ചി സർവകലാശാലയിലെ മുൻ വൈസ് ചാൻസലർ പ്രൊഫ. എം വി പൈലി, സിഎംഎഫ്ആർഐ മുൻ ഡയറക്ടർമാരായ ഡോ. പി എസ് ബി ആർ ജെയിംസ്, ഡോ. വേദവ്യാസ റാവു, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എ നോബിൾ, ചെന്നൈ ആസ്ഥാനമായ ഓരുജല മത്സ്യക്കൃഷി ഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. കെ കെ വിജയൻ, ഡോ. പി ജയശങ്കർ, പി സുരേന്ദ്രൻ എന്നിവർ സംസാരിച്ചു. സിഎംഎഫ്ആർഐ മാരികൾച്ചർ കോഴ്സിൽ അധ്യാപകരായിരുന്ന 20 പേരെ ചടങ്ങിൽ ആദരിച്ചു.